# ജി എൽ പി എസ് പനമരം



## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

"സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി"

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സമയോചിതമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിൻ്റ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യം ആവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

# ലക്ഷ്യങ്ങൾ

1. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

2. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

3. വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

4. വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി ,ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

5. ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു

6. വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

7. ഓരോ വിദ്യാർത്ഥിയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു

8. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## 1.പാഠ്യപദ്ധതി വിനിമയം

- പ്രക്രിയ ബന്ധിതമായ ആസൂത്രണം
- കുട്ടിയുടെ സ്വയം വിലയിരുത്തൽ
- കുട്ടികൾ തമ്മിലുള്ള പരസ്പരം വിലയിരുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ
- കലാകായിക പ്രവർത്തി പരിചയ പ്രവർത്തനങ്ങൾ, കുട്ടികളുടെ സ്വയം പ്രതിരോധ പരിശീലനങ്ങൾ, എന്നിവ പഠനപ്രക്രിയയുടെ ഭാഗമായി ഈ വിദ്യാലയത്തിൽ നടപ്പിലാക്കാൻ തിരുമാനിച്ചു.

## 2.പഠനാന്തരീക്ഷം

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന ഉപഘടകങ്ങൾ ഈ അധ്യയന വർഷത്തിൽ പരിഗണിക്കുന്നു

- ക്ലാസ് മുറികളുടെ സജ്ജീകരണം
- ക്ലാസ് മുറികളിലെ ജനാധിപത്യം, അവസര സമത്വം ,സ്വതന്ത്ര ചിന്ത, ലിംഗ സമത്വം, എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം
- അനുയോജ്യമായ അധ്യാപക വിദ്യാർത്ഥി ബന്ധം
- ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും
- ക്ലാസിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ ലൈബ്രറികൾ ലബോറട്ടറികൾ ജൈവവൈവിധ്യ ഉദ്യാനം
- കളി സ്ഥലവും കളി ഉപകരണങ്ങളും
- ആവശ്യമായ എണ്ണം ക്ലാസ് മുറികൾ, സ്മാർട്ട് ക്ലാസ് മുറി ,ഭിന്നശേഷി സൗഹൃദ ക്ലാസ് മുറികൾ
- സ്കൂൾ പാർലമെന്റ്, സ്കൗട്ട് ,എൻസിസി, എസ് പി സി, ജെ ആർ സി ,എൻ എസ് എസ് തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം.

## 3.അധ്യാപകർ

പാഠ്യ പദ്ധതിക്ക് അനുശ്രദ്ധമായി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നത് അധ്യാപകർക്ക് കഴിയുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നു.

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം
- പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത
- സാമൂഹിക പിന്തുണ
- ആവശ്യമായ പ്രാദേശിക വിഭവങ്ങൾ

- ദൈനംദിന ആസൂത്രണവും സമഗ്ര ആസൂത്രണവും
- അധ്യാപക രക്ഷകർത്യ ബന്ധം

## 4.സാമൂഹ്യ ഇടപെടലുകൾ

സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് സഹായകമാകുന്ന ഇടപെടലുകൾ

- പിടിഎ
- എസ് എം സി
- എം പി ടി എ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
- പൂർവ്വ വിദ്യാർത്ഥികൾ
- വിദ്യാലയ വികസന സമിതി
- വിവിധ വകുപ്പുകൾ
- സന്നദ്ധ സംഘടനകൾ
- പ്രാദേശിക വിദഗ്ധർ

## 5.ഭൗതിക സാഹചര്യം

- മികവി കേന്ദ്രമായി മാറുന്നതിന് ആവശ്യമായ ബൗദ്ധിക സാഹചര്യങ്ങൾ നമ്മുടെ വിദ്യാലയത്തിലും ഉണ്ട് എന്ന് ഉറപ്പുവരുത്തുന്നു.
- പരിസ്ഥിതി സൗഹൃദ വിദ്യാർത്ഥി സൗഹൃദ സ്കൂൾ ക്ലാസ് അന്തരീക്ഷം
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലബോറട്ടറികൾ
- ഓരോ ക്ലാസിനും അനുയോജ്യമായ ലൈബ്രറികൾ
- കളി സ്ഥലവും കളി ഉപകരണങ്ങളും
- മതിയായ എണ്ണം ശുചിമുറികൾ ഗേൾസ് സൌഹൃദ . ടോയലറ്റുകൾ ഭിന്നശേഷി സൗഹൃദ ടോയ്ലറ്റുകൾ
- ശുദ്ധജല ലഭ്യത
- വിദ്യാർത്ഥി സൗഹൃദ, ഭിന്നശേഷി സൗഹൃദ ,ഫർണിച്ചർ
- ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ
- ഗതാഗത സൗകര്യം